# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.636 29.11.2018-ൽ മറുപടിക്ക്**

പ്രളയം മൂലം കെ.എസ്.ഇ.ബി യ്ക്ക് ഉണ്ടായ നഷ്ടം

| | ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയം മൂലം കെ.എസ്.ഇ.ബി യ്ക്ക് ഉണ്ടായ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകാമോ ; | (എ) | പ്രളയവും കാലാവർഷക്കെടുതിയും മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം വൈദ്യുത ഉല്പാദന മേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടവും പ്രസരണമേഖലയിൽ 29.77 കോടി രൂപ നഷ്ടവും വിതരണമേഖലയിൽ 242.45 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും കെ. എസ്. ഇ. ബി. ലിമിറ്റഡിന് വന്നിട്ടുണ്ട്.<br><br>വൈദ്യുതി ഉൽപാദന രംഗം<br><br>കെഎസ്ഇബിയുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പൊരിങ്ങൽകുത്ത്, പൊരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും, വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഡ്യൻപാറ, ബാരാപോൾ, ചെമ്പുകടവ് I, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ, തുടങ്ങി 14 ചെറുകിട ജലവൈദ്യുതപദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം 80.85 കോടി രൂപയുടെ നഷ്ടം ഇതുമൂലം ഉണ്ടായതായി കണക്കാക്കുന്നു<br><br>പ്രസരണ രംഗം<br>പ്രളയക്കെടുതികളെ തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം 50 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. പുന്നപ്ര-പള്ളം, കളമശ്ശേരി-നേരിയമംഗലം, പള്ളിവാസൽ-ആലുവ, ചാലക്കുടി-പുല്ലൂഴി, മാടക്കത്തറ-കന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ-മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി-ട്രാക്ഷൻ സബ്സ്റ്റേഷൻ എന്നിങ്ങനെ 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനം തടസ്സപ്പെട്ടു. പ്രാഥമിക കണക്കുകൾ പ്രകാരം പ്രസരണ രംഗത്ത് ഉണ്ടായ കേടുപാടുകൾ താൽക്കാലികമായെങ്കിലും മറികടക്കാൻ 29.77 കോടി രൂപ ചെലവു വരുമെന്ന് കണക്കാക്കുന്നു<br><br>വിതരണരംഗം<br><br>പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നിങ്ങനെ ഏഴ് ജില്ലകളിലെ വൈദ്യുത |

| | | | |
|---|---|---|---|
| | | | വിതരണം പ്രളയം താറുമാറാക്കി. മുന്നൂറിൽപരം ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1700 വിതരണ ട്രാൻസ്ഫോമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരുന്നു. പതിനായിരത്തിൽപരം ട്രാൻസ്ഫോമറുകൾ അപകട സാധ്യത മുന്നിൽക്കണ്ടുകൊണ്ട് താൽകാലികമായി സ്വിച്ച് ഓഫ് ചെയ്തു. 16158 ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതിവിതരണം തടസപ്പെട്ടിരുന്നു. ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനായി 1735 വിതരണ ട്രാൻസ്ഫോർമറുകളും 5275.80 km വിതരണ ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടിവന്നു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരുലക്ഷത്തിൽപരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതും വരുംദിവസങ്ങളിൽ മാറ്റി സ്ഥാപിക്കേണ്ടി വരും. ഉദ്ദേശം മൂന്നു ലക്ഷം സിംഗിൾ ഫേസ് വൈദ്യുതി മീറ്ററുകളും അമ്പതിനായിരത്തിൽപരം ത്രീഫേസ് വൈദ്യുത മീറ്ററുകളും പ്രളയത്തെ തുടർന്ന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഏകദേശം മൂന്നു ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ശരിയാംവിധം പുനഃസ്ഥാപിക്കാൻ ഇ.എൽ.സി.ബി പുതുതായി സ്ഥാപിക്കേണ്ടിവരും. പ്രാഥമിക കണക്കുകൾ പ്രകാരം കെഎസ്ഇബി ലിമിറ്റഡിന്റെ കീഴിലുള്ള വൈദ്യുത വിതരണരംഗം പൂർവസ്ഥിതിയിൽ ആക്കുന്നതിനു 242.45 കോടി രൂപ ചെലവ് വരും എന്ന് പ്രതീക്ഷിക്കുന്നു.<br>ഇതിനുപുറമെ പ്രളയത്തെ തുടർന്ന് കെഎസ്ഇബിയുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും സംഭവിച്ച കേടുപാടുകൾ നീക്കി പൂർവസ്ഥിതി പ്രാപിക്കാൻ കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമെന്ന് കരുതുന്നു. |
| (ബി) | ഇതിനെത്തുടർന്ന് സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | കേരളത്തിന് വൈദ്യുതി ലഭ്യത ആ കാലയളവിൽ 400 മെഗാവാട്ട് കണ്ട് കുറവ് വരികയുണ്ടായി. ഇടമലയാർ (75-MW) 19.08.2018 നും, പള്ളിവാസൽ (37.5MW) 22.08.2018 നും, പൊരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ (16 MW) 27.08.2018 നും, ലോവർ പെരിയാർ (180 MW) 23.09.2018 നും, ഉറുമി II (2.4 MW) 06.09.2018 നും, പൂഴിത്തോട് (4.8 MW) 01.09.2018 നും പൂർണ്ണമായും പൊരിങ്ങൽകുത്ത് (2X9 MW) 11.09.2018, 30.10.2018 തീയതികളിൽ ഭാഗികമായും പന്നിയാർ ഒരുയൂണിറ്റ് (16MW) 23.11.2018 നും പ്രവർത്തനക്ഷമമായിട്ടുണ്ട്. പന്നിയാർ ബാക്കി (16MW) ആറു മാസത്തിനുള്ളിലും പൊരിങ്ങൽകുത്തു ബാക്കി (18MW) എട്ടു മാസത്തിനുള്ളിലും പൂർണ്ണമായി പ്രവർത്തനക്ഷമം ആകുമെന്നും പ്രതീക്ഷിക്കുന്നു. കൂടാതെ പ്രളയത്തിൽ പ്രവർത്തനം തടസ്സപ്പെട്ട ചെറുകിട വൈദ്യുതപദ്ധതികളിൽ വെള്ളത്തൂവൽ (3.6MW), ആഢ്യൻപാറ (3.5), റാന്നിപെരുന്നാട് (4MW) എന്നിവ പ്രവർത്തനക്ഷമമായിട്ടില്ല. ഒരു വർഷത്തിനുള്ളിൽ വൈദ്യുതോൽപാദനം പൂർണതോതിൽ എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു |
| (സി) | ഇങ്ങനെയുള്ള ദുരന്തങ്ങൾ ഭാവിയിൽ സംഭവിക്കാനുള്ള സാധ്യത മുന്നിൽ കണ്ട് അവയെ | (സി) | കനത്ത മഴ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് ക്രമാതീതമായി കൂടുകയും തന്മൂലം ഡാമുകളുടെ അനുവദനീയ സംഭരണശേഷിക്ക് മുകളിലേയ്ക്ക് ജലനിരപ്പ് |

| | | | |
|---|---|---|---|
| | നേരിടാനും മറ്റും കെ. എസ്. ഇ. ബി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കമോ ? | | ഉയരാൻ സാധ്യതയുണ്ട്. ആയതിനാൽ ഡാമുകളുടെ സുരക്ഷ കണക്കിലെടുത്ത് സ്പിൽവേ ഗേറ്റുകൾ ഉള്ള ഡാമുകളിൽ നിന്ന് അധിക ജലം പുറത്തേയ്ക്ക് തുറന്ന് വിടേണ്ട അവസ്ഥ ഉണ്ടാകാനിടയുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഡാമിലെ സംഭരണ ശേഷി കൃത്യമായി വിലയിരുത്തി ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യുന്നത് റിസർവോയർ ഓപ്പറേഷന്റെ ഭാഗമായ "റൂൾ കർവ്" (Rule Curve) അടിസ്ഥാന മാക്കിയാണ്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു വർഷത്തിലെ വിവിധ കാലാവസ്ഥകളിൽ ജലസംഭരണികളിലെ ജലത്തിന്റെ അളവ് ഏതൊക്കെ ലെവലുകളിൽ നിലനിർത്തണം എന്നതാണ്. 2018 ആഗസ്റ്റിൽ സംസ്ഥാനത്തു ണ്ടായ അതിരൂക്ഷമായ പ്രളയത്തെതുടർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രധാനപ്പെട്ട 5 വലിയ ജലസംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി-പമ്പ, കുറ്റ്യാടി-ബാണാസുര സാഗർ, ഷോളയാർ എന്നിവിടങ്ങളിൽ റൂൾ കർവ് തയ്യാറാക്കുന്നതിനായി ചീഫ് എൻജിനീയർമാർ ഉൾപ്പെട്ട ഒരു സമിതിയെ 20.10.2018-ലെ ബോർഡ് ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.<br>പ്രളയത്തിൽ മുങ്ങിപ്പോയ എല്ലാ കെ എസ് ഇ ബി ഓഫീസുകളിലും കെ എസ് ഇ ബി യുടെ പ്രധാനപ്പെട്ട പോസ്റ്റുകളിലും കൂടിയ ജലവിതാനം സൂചിപ്പിക്കുന്ന മാർക്കിംഗ് പ്ലേറ്റ്സ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ട്രാൻസ്ഫോർമറുകളും ലൈനുകളും സ് ഥാപിക്കുമ്പോൾ പ്രളയം മുൻനിർത്തിയുള്ള സുരക്ഷനില പാലിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്താനും നിലവിൽ പ്രളയം കൂടുതലായി ബാധിച്ച പ്രദേശങ്ങളിലെ ട്രാൻസ്ഫോർമറുകൾക്കും ലൈനുകൾക്കും സുരക്ഷാനില പാലിക്കുവാൻ വേണ്ട പദ്ധതികൾ നടപ്പിലാക്കാനും വൈദ്യുതി ബോർഡിന്റെ വാർഷിക പദ്ധതി രൂപരേഖയിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട് |

Hemalatha

സെക്ഷൻ ഓഫീസർ